കീച്ചേരി പ്രൈമറി ഹെൽത്ത് സെൻറർ

451. [565] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീച്ചേരി പ്രൈമറി ഹെൽത്ത് സെൻററിന് പുതിയ വാർഡ് പണിയണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതിൻെറ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

"ആതുരർക്കൊരാലയം" എന്ന പദ്ധതി

452. [566] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ആതുരർക്കൊരാലയം' എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ബ്ലോക്കുകളിലാണ് ഗ്രാമീണ ഡിസ്പെൻസറികൾ പണിതിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ കെട്ടിടത്തിനുംവേണ്ടി ചിലവാക്കുന്ന സംഖ്യ എത്ര ;

(സി) മൊത്തം എത്ര തുക ചിലവഴിച്ചു ?

ഉത്തരം

(എ) 'ആതുരർക്കൊരാലയം' എന്ന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൻെറ കീഴിൽ പുതിയ ആശുപത്രികളൊന്നും പണിതിട്ടില്ല. മാത്രവുമല്ല, ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് പുതിയ ഗ്രാമീണ ഡിസ്പെൻസറികളൊന്നും തുടങ്ങേണ്ടതില്ലെന്നും ഇപ്പോഴുള്ള ഗ്രാമീണ ആശുപത്രികളെ മുൻഗണനാ ക്രമത്തിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കണമെന്നുമാണ് സർക്കാരിൻെറ തീരുമാനം.

(ബി, സി) ചോദ്യം പ്രസക്തമല്ല.

ആറ്റുകുന്നം ഗവൺമെൻറ് ഡിസ്പെൻസറിയിൽ പുതിയ വാർഡ്

453 [567] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റുകുന്നം ഗവൺമെൻറ് ആശുപത്രിയിൽ ഒരു പുതിയ വാർഡ് പണിയണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ നടപടികൾ എന്നുതുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതി കാരണം പുതിയ സർക്കാർ ആശുപത്രി കൾക്ക് കെട്ടിടങ്ങൾ എന്നു നിർമ്മിക്കുവാൻ സാധിക്കുമെന്ന് പറയുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly